# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 468 27.02.2018- ൽ മറുപടിക്ക്**

**ഉദുമ സ്പിന്നിങ് മിൽ**

| ചോദ്യം<br>ശ്രീ.എം.രാജഗോപാലൻ | ഉത്തരം<br>ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
|---|---|
| (എ) കാസർഗോഡ് ജില്ലയിൽ അനുവദിച്ചതും നിർമ്മാണം പൂർത്തീകരിച്ചതുമായ പൊതു മേഖല വ്യവസായസ്ഥാപനമായ ഉദുമ സ്പിന്നിങ് മിൽ എപ്പോൾ പ്രവർത്തന സജ്ജമാകുമെന്ന് വ്യക്തമാക്കാമോ; കാസർഗോഡ് പാക്കേജിൽ ഉൾപ്പെടുത്തി ഈ സ്ഥാപനത്തിന് എത്ര കോടി രൂപയുടെ ധനസഹായം അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | (എ) കാസർഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തി ഉദുമ ടെക്സ്റ്റൈൽ മില്ലിന് ആകെ 942.92 ലക്ഷം രൂപയുടെ ധനസഹായമാണ് അനുവദിച്ചിട്ടുള്ളത്. ഇതിന്റെ ആദ്യ ഗഡുവായ 160 ലക്ഷം രൂപ കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന് ലഭ്യമായിട്ടുണ്ട്. പദ്ധതിക്കാവശ്യമായ ബാക്കി തുകയായ 782.92 ലക്ഷം രൂപ ടെക്സ്റ്റൈൽ കോർപ്പറേഷന് ലഭ്യമാക്കുന്നതിനുള്ള നടപടി കൈക്കൊണ്ടു വരുന്നു. പ്രസ്തുത തുക ലഭ്യമായി മൂന്നുമാസത്തിനകം മില്ലിന്റെ പ്രവർത്തനം പൂർണ്ണ തോതിൽ തുടങ്ങുവാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ